## കേരള സർക്കാർ

<u>സംഗ്രഹം</u>

പഞ്ചായത്ത് വകുപ്പ് - ജീവനക്കാര്യം - എരുമേലി ഗ്രാമ പഞ്ചായത്തിൽ ദിവസവേതനാടിസ്ഥാനത്തിൽ സ്വീപ്പറായി ജോലി ചെയ്തുവരുന്ന ശ്രീ എൻ. ജി ആനന്ദന്റെ നിയമനം ക്രമവൽക്കരിക്കുന്നത്- ബഹു. കേരള ഹൈക്കോടതിയുടെ WP(C)നം.15541/2012(P) ാം നമ്പർ കേസ്സിൻമേലുള്ള വിധിന്യായം പാലിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്

**സഉ(എം.എസ്)നം. 99/2016/തസ്വഭവ** **തീയതി,തിരുവനന്തപുരം,30/07/2016**

---

പരാമർശം: 1. 25/11/2005 ലെ സഉ(പി)നം. 501/05/ധന നമ്പർ ഉത്തരവ്.

2. ശ്രീ. എൻ.ജി ആനന്ദന്റെ 16/03/2015 ലെ അപേക്ഷ.
3. എരുമേലി ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 27/08/2014 ലെ VI(12) നമ്പർ തീരുമാനം.
4. ബഹു. കേരള ഹൈക്കോടതിയുടെ 12/08/2014-ലെ വിധിന്യായം
5. കോട്ടയം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 20/09/2014 -ലെ ഇ 2-7264/2014 നമ്പർ കത്ത്.
6. പഞ്ചായത്ത് ഡയറക്ടറുടെ 15/01/2015, 02/06/2015 തീയതികളിലെ ഇ 9-19266/12 നമ്പർ കത്തുകൾ

## <u>ഉത്തരവ്</u>

കോട്ടയം ജില്ലയിലെ എരുമേലി ഗ്രാമ പഞ്ചായത്തിൽ 01/12/2000 മുതൽ ദിവസവേതനാടിസ്ഥാനത്തിൽ സ്വീപ്പറായി ജോലി ചെയ്തുവരുന്ന ശ്രീ. എൻ.ജി ആനന്ദന്റെ നിയമനം ക്രമവൽക്കരിക്കണമെന്ന ആവശ്യത്തിൽ ബഹു. കേരള ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP(C)നം.15541/2012(P) ാം നമ്പർ കേസ്സിൽ 12/08/2014-ലെ വിധിന്യായത്തിൽ 3-ാം എതിർ കക്ഷിയായ കോട്ടയം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ പ്രൊപ്പോസൽ സമർപ്പിക്കണമെന്നും പ്രസ്തുത പ്രൊപ്പോസൽ ലഭിച്ച് മൂന്നു മാസത്തിനുള്ളിൽ 1-ാം എതിർ കക്ഷിയായ സർക്കാർ ഉത്തരവ് പുറപ്പെടുവിക്കണമെന്നും നിർദ്ദേശിച്ചിരുന്നു. കോട്ടയം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ സമർപ്പിച്ച പ്രൊപ്പോസൽ അപൂർണ്ണമായിരുന്നതിനാൽ വകുപ്പ് മേധാവിയായ പഞ്ചായത്ത് ഡയറക്ടറോട് പ്രൊപ്പോസൽ സമർപ്പിക്കാൻ ആവശ്യപ്പെടുകയു

പഞ്ചായത്ത് ഡയറക്ടർ പരാമർശം 6 പ്രകാരം അപേക്ഷ സമർപ്പിക്കുകയും ചെയ്തു. ശ്രീ. എൻ.ജി ആനന്ദനെ സ്ഥിരപ്പെടുത്തണമെന്നാവശ്യപ്പെട്ട് പരാമർശം 3 പ്രകാരം എരുമേലി ഗ്രാമ പഞ്ചായത്ത് കമ്മിറ്റി തീരുമാനം കൈക്കൊണ്ടിട്ടുണ്ട്. പഞ്ചായത്ത് ഡയറക്ടർ അപേക്ഷ ശിപാർശ ചെയ്തിട്ടുണ്ട്. 377.7 ചതുരശ്ര മീറ്റർ ഓഫീസ് സ്വീപ്പിംഗ് ഏര്യയുള്ള എരുമേലി ഗ്രാമ പഞ്ചായത്തിൽ പാർട്ട് ടൈം ഓഫീസ് സ്വീപ്പർ തസ്തിക നിലവിലില്ല.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 01/12/2000 മുതൽ എരുമേലി ഗ്രാമ പഞ്ചായത്തിൽ ദിവസവേതനാടിസ്ഥാനത്തിൽ സ്വീപ്പറായി ജോലി ചെയ്തുവരുന്ന ശ്രീ. എൻ.ജി ആനന്ദനെ പ്രസ്തുത ഗ്രാമപഞ്ചായത്തിൽ ഒരു പാർട്ട് ടൈം ഓഫീസ് സ്വീപ്പറുടെ തസ്തിക സൃഷ്ടിച്ച് ഉത്തരവു തീയതി പ്രാബല്യത്തിൽ സ്ഥിരപ്പെടുത്തുന്നതിന് പഞ്ചായത്ത് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

WP(C) നം.15041/2012(P) -ാം നമ്പർ അന്യായത്തിന്മേൽ ബഹു. കേരള ഹൈക്കോടതിയുടെ 12/08/2014-ലെ വിധിന്യായം ഇപ്രകാരം പാലിച്ചിരിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
[illegible]
ഗവ. ജോയിന്റ് സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ,എറണാകുളം( ആമുഖ കത്ത് സഹിതം)
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോട്ടയം ജില്ല
സെക്രട്ടറി. എരുമേലി ഗ്രാമ പഞ്ചായത്ത്, കോട്ടയം ജില്ല.
ശ്രീ. എൻ.ജി ആനന്ദൻ, സ്വീപ്പർ, എരുമേലി ഗ്രാമപഞ്ചായത്ത്, കോട്ടയം ജില്ല
(എരുമേലി ഗ്രാമ പഞ്ചായത്ത് സെക്രട്ടറി മുഖേന).
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്) (എൽബിഎ&എ) കേരള, തിരുവനന്തപുരം.
ധനവകുപ്പ്(യു.ഒ നം. 205956/എക്സ്പ.സി1.2/38/16/ധന തീയതി 08.06.2016 പ്രകാരം).
ഡയറക്ടർ, ഐ.കെ.എം (സർക്കാരിന്റെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്).
ഓഫീസ് പകർപ്പ് / കരുതൽ ഫയൽ.(ഫയൽ നം. 67/ഇപിഎ 2/2015/തസ്വഭവ)

ഉത്തരവിൻപ്രകാരം

Sd/-

സെക്ഷൻ ഓഫീസർ